**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ സുലൈമാൻ, പ്രസിഡന്റ്, സുന്നി മഹല്ല് മുഹയുദീൻ പള്ളി എന്നയാൾ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01/2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

ശ്രീ സുലൈമാൻ, പ്രസിഡന്റ്, സുന്നി മഹല്ല് മുഹയുദീൻ പള്ളി, എന്നയാൾ നവകേരള സദസ് മുമ്പാകെ, , ഭൂമിയുടെ തരം നിലം എന്ന വിഭാഗത്തിൽ പെട്ടതിനാൽ 9-ാം വാർഡിൽ നിർമിച്ച പള്ളികെട്ടിടത്തിന് കോങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പരാതിക്കാരെ കേട്ടു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. അപേക്ഷകർ നിലവിലെ KPBR പ്രകാരം ആരാധനാലയത്തിനു നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കുന്ന പക്ഷം തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപേക്ഷകർ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും ചട്ടത്തിലേയും വ്യവസ്ഥകൾ അനുസരിച്ചും ആരാധനായത്തിനു നമ്പർ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ അനുസരിച്ചും കെട്ടിടനമ്പർ അനുവദിക്കാൻ കഴിയുന്നതാണെങ്കിൽ അപ്രകാരം അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. അപേക്ഷകരിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീ സുലൈമാൻ, പ്രസിഡന്റ്, സുന്നി മഹല്ല് മുഹയുദീൻ പള്ളി, കോങ്ങാട്